**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. BINDU GOPINATH)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 17.02.2025 ലെ 583 നം ഗസറ്റ് വിജ്ഞാപനം.
2. വനിത ശിശുവികസന ഡയറക്ടറുടെ 06.03.2025, 06.04.2025 ലെ ഇതേ നം. നടപടിക്രമങ്ങൾ
3. വനിത ശിശുവികസന ഡയറക്ടറുടെ 02.06.2025 ലെ DWCD/3362 /2025-E9 നം. നടപടിക്രമങ്ങൾ
4. വനിത ശിശുവികസന ഡയറക്ടറുടെ 11.06.2025 ലെ DWCD/1601 /2025-E9 നം. നടപടിക്രമങ്ങൾ

**<u>ഉത്തരവ് നം. DWCD/1349/2025-E9 തീയതി: 16-06-2025</u>**

വനിത ശിശുവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലോവർ ഡി.പി.സി തയ്യാറാക്കിയ സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം 3 വരെയുള്ള ജീവനക്കാർക്ക് പരാമർശം (2) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ല വനിത ശിശുവികസന ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ബിന്ദു കെ.പി പരാമർശം (3) പ്രകാരം 01.06.2025 മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നും ആലപ്പുഴ ജില്ലാ തല ICDS സെല്ലിലെ സീനിയർ സൂപ്രണ്ട് ശ്രീ.ഹാരിസ്.എം 31.05.2025ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്നും പ്രസ്തുത തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പരാമർശം (4) സ്ഥലംമാറ്റ ഉത്തരവിന് ശേഷം സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം. 4, 5 ആയി ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ ഉദ്യോഗക്കയറ്റം നേടുന്നതിന് അർഹരാണ്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) സെലക്ട് ലിസ്റ്റിൽ ക്രമ നം. 4, 5 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ

നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീമതി സിന്ധു ലേഖ ആർ. എസ്<br>(പെൻ നം.211930)<br>ജൂനിയർ സൂപ്രണ്ട്<br>വനിത ശിശുവികസന ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | സീനിയർ സൂപ്രണ്ട്,<br>ജില്ല വനിത ശിശുവികസന ഓഫീസ്, തിരുവനന്തപുരം |
| 2. | ശ്രീമതി ഗിരിജ കുമാരി ആർ<br>(പെൻ നം.211701 )<br>ജൂനിയർ സൂപ്രണ്ട്<br>വനിത ശിശുവികസന ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | സീനിയർ സൂപ്രണ്ട്,<br>ജില്ലാതല ICDS സെൽ,<br>വയനാട് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. പ്രവേശനം സംബന്ധിച്ച വിവരം ആർ.ടി.സി സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ(I/C)**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(കാര്യാലയ മേധാവി മുഖേന)

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Signed by
Chithra T സൂപ്രണ്ട്
Date: 16-06-2025 17:02:23